## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1192 11.02.2016 ന് മറുപടിയ്ക്ക്

### പട്ടയം അനുവദിക്കുന്നതിനുള്ള നടപടി

ചോദ്യം
ശ്രീ.എസ്.ശർമ്മ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | വൈപ്പിനിലെ പള്ളപ്പുറം, കുഴിപ്പിള്ളി, ഞാറക്കൽ, എളങ്കുന്നപ്പുഴ, പുതുവൈപ്പ്, മുളവുകാട് എന്നീ വില്ലേജുകളിൽ വർഷങ്ങളായി സർക്കാർ പുറമ്പോക്കു ഭൂമിയിൽ താമസിച്ചുവരുന്നവരിൽ അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | വൈപ്പിനിലെ വിവിധ വില്ലേജുകളിൽ വർഷങ്ങളായി സർക്കാർ പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവരിൽ അർഹരായവർക്ക് പട്ടയം അനുവദിക്കണമെന്ന വിഷയത്തിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.12.2015-ന് ഒരു യോഗം ചേരുകയും ആയതിന്റെ നടപടിക്രമം അനുസരിച്ച് ഇതു സംബന്ധിച്ച് ആവശ്യമായ രേഖകൾ സഹിതമുള്ള ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ, റിപ്പോർട്ട് ലഭിച്ചുവെങ്കിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കാമോ; | (ബി)യും (സി)യും<br>പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) | അർഹരായവർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | |

C.K.V. Kunhy
സെക്ഷൻ ഓഫീസർ